(സി) ഇവിടെ ഡി.എം.ഒ.-ക്ക്കീഴിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി മാവൂർ പഞ്ചായത്തിൽ ഇപ്പോഴുള്ള ഹെൽത്ത് സെന്റർ പി.എച്ച്.സി.യാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിലെ ചെറുപ്പ പി.എച്ച്.സി. പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ മാനദണ്ഡമനുസരിച്ച് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതിന് ഒരു റൂറൽ സബ് സെന്ററും ഒരു അർബൻ സബ് സെന്ററും പ്രസ്തുത മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളായി വേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പി.എച്ച്.സി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായി പ്രവർത്തിക്കുന്നത്. ദ്വിഭരണ സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന കാലത്ത് പ്രസ്തുത പി.എച്ച്.സി.-ക്ക് മേൽ ആരോഗ്യ വകുപ്പിന് ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും ദ്വിഭരണം അവസാനിപ്പിച്ച് സർക്കാർ ഉത്തരവായശേഷം ആരോഗ്യ വകുപ്പിന് കീഴിൽ ഉണ്ടായിരുന്ന മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ആശുപത്രികളെല്ലാം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലേക്ക് വന്നതുപോലെ പ്രസ്തുത പി.എച്ച്.സി.-ക്കുമേലും ആരോഗ്യ വകുപ്പിനുണ്ടായിരുന്ന നിയന്ത്രണം ഒഴിവാക്കുകയും പൂർണ്ണമായും പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിൽ ആകുകയും ചെയ്തു. പ്രസ്തുത പി.എച്ച്.സി.യുടെ നിയന്ത്രണം മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കിക്കൊണ്ടുള്ള പ്രത്യേക ഉത്തരവുകളൊന്നും ലഭ്യമല്ല.

(സി) മാവൂർ പഞ്ചായത്തിലെ ഉപകേന്ദ്രം പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത് പ്രായോഗികമല്ല. ഉപകേന്ദ്രത്തിന്റെ ചുമതല മാതൃശിശു സംരക്ഷണമാണ്.

അമ്മയും കുഞ്ഞും പദ്ധതി

40 (2591) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സതേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തംവേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

(സി) ജനനി സുരക്ഷാ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 13 ആശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ സജ്ജമാക്കി. തെരഞ്ഞെടുത്ത 47 ആശുപത്രികളിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത 2 ആശുപത്രികളിൽ റൂമുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത 5 ആശുപത്രികളിൽ ലേബർ റൂമിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി നൽകിവരുന്നു.

ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളിലെ സൂപ്രണ്ടുമാർക്കും, ലേ സെക്രട്ടറിമാർക്കും അക്കൗണ്ട്സ് ഓഫീസർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകിക്കഴിഞ്ഞു.

ആരോഗ്യമേഖലയിൽ ആരംഭിച്ച നവീന പദ്ധതികൾ

41 (2592) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly